# വിവരാവകാശ നിയമം    അഴിമതിക്കെതിരെ പോരാടാനുള്ള ആയുധം

***<u>ജോയി കൈതാരത്ത്</u>***

**(തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കേന്ദ്രത്തിന്റെ സെക്രട്ടറി)**

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം ഇന്ത്യ. നാം 110 കോടി ഭാരതീയർ ഇപ്പോഴും അഭിമാനത്തോടെ പറയാറുണ്ട്. ജനാധിപത്യമെന്നാൽ 'ജനത്തിന് ആധി പത്യം' എന്നതാണല്ലോ . അതായത് തീരുമാനങ്ങളെടുക്കുന്നതും ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതും ഭൂരിപക്ഷം ജനത്തിന്റെ തീരുമാനപ്രകാരമായിരിക്കണം. രാജ്യ ത്തിലെ എല്ലാ ജനങ്ങൾക്കും തുല്യ അവകാശവും നീതിയും ആ രാജ്യത്തുണ്ടാകണം. ഇത്തരത്തിൽ ജനാധിപത്യം നിലനിർത്തിക്കൊണ്ടുപോകുന്നതിനും എല്ലാ ജനങ്ങൾക്കും സാമൂഹ്യനീതി ലഭിക്കുന്നതിനും ദാരിദ്ര്യമില്ലാത്തതും പട്ടിണിയില്ലാത്തതും ജാതിമത ചൂഷണമില്ലാത്തതുമായ ഒരു സമത്വസുന്ദര ഇന്ത്യ കെട്ടിപ്പടുത്തുക എന്ന ലക്ഷ്യവുമായി തയ്യാറാക്കിയ നമ്മുടെ ഭരണഘടന ലോകത്തിലെ തന്നെ ഏറ്റവും മികച്ച ഭരണഘ ടനയാണ്. നാം ഭാരതീയർ അതിൽ അഭിമാനിക്കതന്നെ വേണം.

1947 ൽ ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നും മോചനം നേടിയ ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ് ? ശാസ്ത്ര സാങ്കേതികരംഗത്തെ നേട്ടങ്ങൾ പ്രത്യേകിച്ചും വിവര സാങ്കേതിക വിദ്യയിലും വിവര വിനിമയത്തിലും ഉണ്ടായ കുതിപ്പ് അൽഭുതാവഹമാണ്. ബയോ ഇൻഫർമാറ്റിക്സ്, മൈക്രോ ബയോളജി, ജിയോ ഫിസിക്സ്, നാനോ ടെക്നോ ളജി പോലുള്ള പുതിയ പുതിയ ശാസ്ത്ര ശാഖകളിൽ രാജ്യം നടത്തുന്ന ഗവേഷണ ങ്ങളും അഭിനന്ദനാർഹമാണ്. വിനിമയ രംഗത്ത് മൊബൈൽ ഫോണുകളുടെ സ്വാധീനം സാധാരണക്കാരുടെ ജീവിതത്തെ തന്നെ മാറ്റി മറിച്ചു. സ്പേസ് സയൻസ് രംഗത്ത് ലോകത്തിലെ തന്നെ മികച്ച രാജ്യമായി മാറി ഇന്ത്യ. എന്നാൽ ഇതു തന്നെയാണോ യഥാർത്ഥ ചിത്രം. ഒരു വശത്ത് ഇത്തരത്തിലാണ് കാര്യങ്ങൾ എങ്കിലും മറുവശത്ത് അത്ര ശുഭകരമായ കാര്യങ്ങളല്ല സ്വാതന്ത്ര ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്ത് വ്യാവസായികപരമായും കാർഷികപരമായും ടെക്നോളജിരംഗത്തും പല പല വികസന പ്രവർത്തനങ്ങൾ നടന്നുവെങ്കിലും രാജ്യത്തിന്റെ പൊതുസ്ഥിതി അപകട കരമാണ്. രാജ്യത്തിന്റെ പൊതു കടം കൂടികൂടി വരുന്നു. ഇന്ത്യയിൽ പിറന്നു വീഴുന്നതും ഇനി പിറക്കാൻ പോകുന്നതുമായ കുഞ്ഞുങ്ങളും ലക്ഷക്കണക്കിന് രൂപ യുടെ കടക്കാരാണെന്ന് കണക്കുകൾ തെളിയിക്കുന്നു. ഇന്ത്യയിൽ കഴിഞ്ഞ 10 വർഷ ത്തിനിടയിൽ കർഷകരുടെ ആത്മഹത്യ ഒന്നര ലക്ഷത്തോളമാണ്. കാർഷിക മേഖല ആകെ തകർച്ചയിലാണ്. ആരോഗ്യ രംഗത്ത് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ

ദിവസം തോറും പുതിയതായി തുടങ്ങുന്നു. എന്നാലോ അതി ഭീമമായ ചികിൽസാ ചെലവുകൾ സാധാരണക്കാർക്ക് ചികിൽസ അന്യമാകുന്നു. വിദ്യഭ്യാസ രംഗം ആകെ കുത്തഴിഞ്ഞതായി മാറി. ഇനി ഉന്നത വിദ്യാഭ്യാസം നേടുന്നത് പണമുള്ളവർ മാത്രം. ലാഭം മാത്രം ലക്ഷ്യമാക്കി സ്ഥാപിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പ്രൊഫഷണൽ പഠനത്തിന് ഫീസൊടുക്കാൻ കഴിയാതെ പഠിക്കാനാകാതെ ജീവിതം ഒടുക്കുന്നവരുടെ കഥയും നാം അറിയുന്നു. സാംസ്കാരിക രംഗത്തെ അധ:പതനം അസഹനീയമായി. പല അന്ധ വിശ്വാസങ്ങളും തിരിച്ചുവരുന്നു. ആത്മീയത വ്യവസായമായി മാറുന്നു. എല്ലാം മെഗാ പ്രോജക്ടുകൾ മാത്രം. ചാനലുകളിൽ, തീം പാർക്കുകളിൽ, ഇന്റർനാഷ ണൽ സ്കൂളുകളിൽ, മൾട്ടി ഹോസ്പിറ്റലുകളിൽ, ഹൈടെക് റോഡുകളിൽ കോടി കൾ നിക്ഷേപിക്കുവാൻ പലരും തയ്യാർ. പെട്ടെന്ന് ലാഭം വേണം. ഉൽപ്പാദന മേഖല യിൽ മാത്രം ഒന്നുമില്ല. ആഗോളവൽക്കരണം കൊണ്ട് നമ്മിലടിച്ചേൽപ്പിച്ച നയമാണ് ഇത്. ആഗോള വൽക്കരണം സമൂഹത്തിൽ ദരിദ്രവൽക്കരണത്തിന് ആക്കം കൂട്ടു ന്നു. സമ്പത്ത് ധനികരിൽ അടിഞ്ഞ് കൂടുന്നു. ഈ സാഹചര്യങ്ങളിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പാടുപെടുന്നത് കർഷകർ, ആദിവാസി, ദളിത്, മൽസ്യ ത്തൊഴിലാളികൾ തുടങ്ങിയവരാണ്. ആഗോളവൽക്കരണ ശക്തികൾ ഉയർത്തുന്ന കമ്പോള യുക്തി സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാത്തിന്റെയും ആത്യ ന്തിക ലക്ഷ്യം ലാഭം മാത്രം. അങ്ങനെ ആയപ്പോൾ അത് അഴിമതിക്ക് വഴിയൊരുക്കു ന്നു. ഭരണസിരാകേന്ദ്രങ്ങൾ അഴിമതിയുടെ കൂത്തരങ്ങായി മാറി. അധികാരം ലഭിക്കാൻ വേണ്ടി എന്തു വൃത്തികേടും കാട്ടിക്കൂട്ടുന്ന സ്ഥിതിയിലായി കാര്യങ്ങൾ. പല അവസരങ്ങളിലും ജനങ്ങൾക്ക് നീതി ലഭിക്കുന്നില്ല. നീതി നിഷേധിക്കപ്പെട്ട് നിസ്സഹായ രായി മരണം വരിക്കുന്നവരും ഉണ്ട്. ഉൽപ്പാദന മേഖല തകർന്ന് തരിപ്പണമായിക്കൊണ്ടി രിക്കുന്നു. വ്യവസായവൽക്കരണം എന്ന പേരും പറഞ്ഞ് നാടിന്റെ സംസ്കാരമായ നദിയും കൃഷി ഭൂമിയുമൊക്കെ നമുക്ക് നഷ്ടമാകുന്നു. ‘അഴിമതി’ സർവ്വ വ്യാപിയാകു ന്നു. ജനങ്ങൾക്ക് സ്വതന്ത്രമായി ജീവിക്കുവാനും നീതി ലഭിക്കുവാനും സഹായകമാ കേണ്ട നിയമനിർമ്മാണ സഭകളായ ലോകസഭയും രാജ്യ സഭയും മറ്റുസഭകളും അവ രുടെ കടമ നിറവേറ്റുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നു. നീതി നിഷേധിക്കപ്പെടു മ്പോൾ ഇടപെടേണ്ട നീതികേന്ദ്രങ്ങളും പലപ്പോഴും യാഥാർത്ഥ്യങ്ങൾ തിരിച്ചറിയപ്പെടു ന്നില്ല. രാജ്യത്തിന്റെ പലയിടങ്ങളിലും ഭരണഘടനാലംഘനങ്ങളും നീതിനിഷേധങ്ങളും കൂടികൂടിവരുന്നു. പല ഭരണഘടനാ ഭേദഗതികളും പുതിയ പുതിയ നിയമങ്ങളും രാജ്യ ത്തുണ്ടാകുന്നുവെങ്കിലും രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും പട്ടിണിപ്പാവങ്ങളുടെയും ജീവന് സുരക്ഷ ഉറപ്പിക്കാനും സാമൂഹ്യനീതി ലഭിക്കാനും ഇത്തരം നിയമനിർമ്മാണ സഭകൾക്ക് പൂർണ്ണമായും കഴിയുന്നില്ല എന്നത് യാഥാർത്ഥ്യ മാണ്.

ഈ സാഹചര്യത്തിലാണ് 'വിവരാവകാശ നിയമ'ത്തിന്റെ പ്രസക്തി ജനാധിപത്യ ഭാരത്തിൽ വർദ്ധിച്ചു വരുന്നത്. 5 വർഷം കൂടുമ്പോഴും സമ്മിതിദാനാവകാശം എന്നതിനുപരി, പൊതുസ്ഥാപനങ്ങളുടെ ദൈനംദിനഭരണത്തിൽ പരോക്ഷമായെങ്കിലും പങ്കാളിയാകാനുള്ള അവകാശം ഇന്ത്യയിലെ ഏതൊരു പൗരനും സാധ്യമാകുന്നു എന്നതാണ് വിവരാവകാശനിയമത്തിന്റെ നേട്ടം. നമ്മെ ഭരിക്കുന്നവർ എന്താണ് ചെയ്യുന്നതെന്ന് അറിയുവാനും അവയെ നമ്മുടെ രാജ്യത്തിന്റെ തന്നെ ശാപമായി മാറിക്കൊണ്ടിരിക്കുന്ന അഴിമതിക്ക് ഒരു പരിധിവരെ തടയിടുവാനും ഈ നിയമത്തിനാകും എന്നത് വിവരാവകാശനിയമത്തെ സ്വതന്ത്ര ഭാരത നിയമനിർമ്മാണ ചരിത്രത്തിലെ സുപ്രധാന നാഴികല്ലാകുന്നു. വിവരാവകാശ നിയമത്തെ പ്രയോഗിക്കുവാൻ ഭൂരിപക്ഷം ജനതയെയും പ്രാപ്തരാക്കണം. സാധാരണക്കാരായ ജനങ്ങളെ ഇത് പഠിപ്പിക്കണം. ഗ്രാമ സഭകൾ, പുതിയ പാഠ്യ പദ്ധതികൾ തുടങ്ങിവയിലൊക്കെ ഇതിനെ ഉൾക്കൊള്ളിക്കണം. അത്തരത്തിൽ വിവരാവകാശ നിയമം വ്യാപകമാകണം.

21 06 2005 ൽ വിവരാവകാശനിയമം രാജ്യത്ത് പ്രാബല്യത്തിൽ വന്നു. സ്വതന്ത്ര്യ ഭാരതത്തിൽ രൂപം കൊടുത്ത ഏറ്റവും ജനകീയമായ നിയമമെന്ന് വിവരാവകാശ നിയമത്തെ വിശേഷിപ്പിക്കുന്നത് രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികൾ അത്തരത്തിലായതുകൊണ്ടാണ്. പണമുള്ളവർ വലിയ പണക്കാരായി മാറുകയും പാവങ്ങൾ കൂടുതൽ ദരിദ്രരും ആയിക്കൊണ്ടിരിക്കുന്ന ഒരു പൊതുസാഹചര്യമാണ് ഭാരതത്തിൽ ഇപ്പോൾ നിലനിൽക്കുന്നത്. പാവങ്ങളും ദരിദ്രരും അവർക്ക് ജീവിക്കാനുള്ള അവകാശത്തിന് തന്നെ പലപ്പോഴും ഭീഷണി നേരിടുന്നു. അവർ നിയമങ്ങളും പുതിയ വിവരങ്ങളും ഒന്നും അറിയുന്നില്ല. പല തീരുമാനങ്ങളും ഇവരിൽ അടിച്ചേൽപ്പിക്കപ്പെടുന്നു. ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ, ധനവിഭവങ്ങളുടെ വിനിയോഗം തുടങ്ങിയ വിവരങ്ങൾ സാധാരണക്കാരനും ലഭ്യമാക്കാൻ വിവരാവകാശനിയമം വഴി കഴിയും എന്നതാണ് ഇതിനെ ഒരു ജനകീയ നിയമമാകുന്നത്.

അധികാരകേന്ദ്രങ്ങളുടെ അഴിമതി, അധികാര ദുർവിനിയോഗം എന്നിവയ്ക്കെതിരെ പോരാടാനുള്ള ഒരായുധമാണ് വിവരാവകാശ നിയമം. ഈ ആയുധത്തിന് മൂർച്ച കൂട്ടേണ്ടത് ഭാരതത്തിന്റെ നിലനിൽപ്പിന് തന്നെ ആവശ്യമാണ്. കൂലിവേല ചെയ്യുന്നവനും തോട്ടിപ്പണിചെയ്യുന്നവനും കർഷകതൊഴിലാളിയ്ക്കും അടുക്കളയ്ക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന വീട്ടമ്മമാർക്കും 'എനിക്കും അറിയാനുള്ള അവകാശമുണ്ട്' എന്ന ബോധം ഉണ്ടാക്കുവാൻ വിവരാവകാശനിയമത്തിന് കഴിയുന്നുണ്ട്. ഞാനും ഒരു പൗരനാണ്, എനിക്കും അവകാശങ്ങളുണ്ട്. നീതിക്കുവേണ്ടി എനിക്കും പോരാടാൻ കഴിയും ഇത്തരം ശുഭചിന്തകൾ സാധാരണക്കാരിൽ എത്തിക്കുന്ന ഒരു നിയമം ആ രാജ്യത്തിന്റെ

ജനാധിപത്യത്തെ എല്ലാ തലത്തിലും പുഷ്ടിപ്പെടുത്തും എന്നുള്ളതുറപ്പാണ്. ഭരണഘടനാകൂല്യങ്ങളും മറ്റു ആനുകൂല്യങ്ങളും അർഹതയുള്ളവന് ലഭ്യമാക്കുവാൻ വിവരാവകാശനിയമം സഹായിക്കും.

ഈ നിയമത്തിലെ വ്യവസ്ഥകൾ വിധേയമായി എല്ലാ പൗരന്മാർക്കും വിവരങ്ങൾ അറിയുവാനുള്ള അവകാശമുണ്ടായിരിക്കും. ഈ നിയമമുപയോഗിച്ച് അധികാരകേന്ദ്രങ്ങളിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ വിവരങ്ങൾ ലഭ്യമാകുമ്പോൾ, അത് അനീതിക്കെതിരായുള്ള ഒരു പോരാട്ടമെന്നതിലുപരി എന്നെ ഈ രാജ്യം അംഗീകരിക്കുന്നു എന്ന വിശ്വാസവും ഉണ്ടാക്കി എടുക്കുന്നു. അത്തരം ചിന്തകൾ രാജ്യത്തിന്റെ പുരോഗതിയെയും അതോടൊപ്പം ദേശസ്നേഹമുള്ള ഒരു പൗരസമൂഹത്തേയും വാർത്തെടുക്കും. വിവരാവകാശ നിയമം വഴി അപേക്ഷിച്ചാൽ വിവരം നൽകാൻ ചുമതലയുള്ള അധികാരി  കൃത്യ സമയത്ത് വിവരം നൽകിയില്ലെങ്കിൽ ആ  അധികാരികൾക്ക് തടവ്  ശിക്ഷ വരെ ലഭിക്കാം എന്നുള്ളത് നിസ്സാര കാര്യമല്ല. വിവരാവകാശം ദുരുപയോഗം ചെയ്യാതിരിക്കാനും  കരുതൽ വേണ്ടതാണ്. രേഖകൾ നിശ്ചിത സമയത്ത് കൊടുക്കാത്ത അധികാരികളെ ശിക്ഷിക്കാൻ നിയമമുള്ളതുപോലെ ഇതിനെ ദുരുപയോഗം ചെയ്യുന്നവരെയും ശിക്ഷിക്കാൻ നടപടികൾ വേണം.

വിവരാവകാശനിയമം പ്രാബല്യത്തിൽ വന്നപ്പോൾ ഇത് രാജ്യത്തെ ഇത്തരത്തിൽ സ്വാധീനിക്കുമെന്നും ഒരു വൻജനകീയ നിയമമായി മാറുമെന്നും കരുതിയില്ല എന്ന ഇതിന്റെ സൃഷ്ടികർത്താക്കൾ പലരും പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ ഈ നിയമം മാറുമെന്നും ജനങ്ങൾ ഇതിനെ ഉപയോഗിക്കുമെന്നും അവർ കരുതിയില്ല. ഇതിൽ നിന്നു തന്നെ പൗരാവകാശങ്ങൾ രാജ്യത്ത് എന്തുമാത്രം നിഷേധിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാം.

വിവരാവകാശ നിയമം ഉപയോഗിച്ച് പല അഴിമതിക്കഥകളും  പുറത്ത് കൊണ്ട് വരുവാനും അഴിമതിക്കാർക്ക് അർഹിക്കുന്ന ശിക്ഷ ലഭിക്കുവാനും കൊള്ള ചെയ്ത പൊതുമുതൽ  തിരിച്ചെടുക്കുവാനും തെളിവുകളോടെ നീതി പീഠങ്ങളെ സമീപിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

2000 2004    കാലഘട്ടത്തിൽ സപ്ലൈകോ ഡിപ്പാർട്ട്മെന്റിൽ നടന്ന 136 കോടി രൂപയുടെ അഴിമതിയുടെ വിവരങ്ങൾ പുറത്ത്കൊണ്ടുവന്നത് വിവരാവകാശം വഴി ലഭിച്ച രേഖകൾ വഴിയാണ്. അഴിമതി പുറത്ത് കൊണ്ടുവന്നു എന്ന് മാത്രമല്ല , പണം ഇവർ അനുഭവിക്കാൻ പാടില്ല എന്നും അതുകൊണ്ട്   അഴിമതി നടത്തിയ സപ്ളൈകോ ഉദ്യോഗസ്ഥരെയും  കരാറുകാരെയും ശിക്ഷിക്കാനും അവരിൽ  നിന്നും  പണം  തിരിച്ച് പിടിക്കു

വാനും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ പരാതി നൽകാനും സഹായിച്ചത് വിവരാവകാശം വഴി ലഭിച്ച രേഖകൾ തന്നെയാണ്.

കളിമൺ ഘനനനം, മണലൂറ്റ്, കുന്നിടിക്കൽ, വനം നശിപ്പിക്കൽ തുടങ്ങിയ പരിസ്ഥിതി ആഘാത പ്രവർത്തനങ്ങളിൽ നടക്കുന്ന വൻ അഴിമതികൾ പുറത്ത്കൊണ്ടുവരുവാനും വിവരാവകാശം വഴി ലഭിക്കുന്ന വിവരങ്ങൾ സഹായിക്കുന്നുണ്ട്. തൃശൂരിലെ ഒരു പ്രദേശത്തെ കളിമൺ ഘനനത്തെ കുറിച്ചു വിശദമായ രേഖകൾ വിവരാവകാശ നിയമം വഴി ലഭിച്ചപ്പോൾ 127 കോടി രൂപയുടെ റോയൽറ്റി വെട്ടിപ്പാണ് കണ്ടെത്തിയത്. പാറ പൊട്ടിക്കൽ, കളിമൺ ഘനനം എന്നിവ കേരളത്തിൽ വ്യാപകമായുണ്ട്. ഇവ കേരളത്തിന്റെ ഭൂമി ശാസ്ത്ര സന്തുലിതാവസ്ഥയെ ആകെ തകിടം മറിക്കുന്നു എന്നതിലുപരി സർക്കാരിന്റ ഖജനാവിലേയ്ക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ സർക്കാരിന് നഷ്ടപ്പെടുന്നു എന്നറിയുമ്പോഴാണ് അതിന്റെ ഭീകരത ഏറുന്നത്

കൊടകര വെള്ളിക്കുളങ്ങര റോഡിന്റെ ഭൂമി കൈയ്യേറ്റത്തെ സംബന്ധിച്ചു അഴിമതിയുടെ സത്യാവസ്ഥ വെളിയിൽ കൊണ്ടുവന്നത് വിവരാവകാശ നിയമം വഴിയാണ്. തൃശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഈ 12.5 കിലോമീറ്റർ റോഡിന്റെ ഇരുവശങ്ങളും ധാരാളം പേർ കൈയ്യേറി. അവയെല്ലാം ഒഴിപ്പിച്ച് റോഡിന്റെ വീതി കൂട്ടണമെന്നു ഉത്തരവ് അനുസരിക്കാതെ കരാർകാരൻ കൈയ്യേറ്റക്കാരെ സഹായിച്ച നിലപാടെടുത്തപ്പോൾ അവയ്ക്കെതിരെ പരാതി നൽകാനും റോഡ് കൈയ്യേറ്റക്കാരെ ഒഴിപ്പിച്ച് റോഡിന്റെ വീതികൂട്ടി പണിചെയ്യിപ്പിക്കാനുമുള്ള ഉത്തരവ് നേടിയെടുക്കാൻ സഹായിച്ചത് വിവരാവകാശം വഴി ലഭിച്ച രേഖകൾ തന്നെയായിരുന്നു. ഇത്തരത്തിൽ പൊതു കൈയ്യേറ്റങ്ങൾക്കെതിരെ പോരാടാനും വിവരാവകാശ നിയമം സഹായിക്കുന്നുണ്ട്.

നെടുമ്പാശ്ശേരിയിലെ അത്താണിയിൽ 125 കോടി രൂപ വിലമതിക്കുന്ന വ്യവസായ ഭൂമി ലോട്ടറി രാജാവ് എന്നറിയപ്പെടുന്ന സാന്റിയാഗോ മാർട്ടിൻ തട്ടിയെടുത്തപ്പോൾ ആ ഭൂമി തിരിച്ചുപിടിച്ച് കൊണ്ട് സർക്കാർ ഉത്തരവിറക്കുകയുണ്ടായി. ഇതിന് സർക്കാരിനെ സഹായകരമായത് വിവരാവകാശ നിയമം തന്നെയാണ്.

വിവരാവകാശ നിയമം വഴി ധാരാളം വിവരങ്ങൾ പുറത്ത് കൊണ്ടുവന്ന തൃശ്ശൂരും കേന്ദ്രമായ സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തകനായ ഈ ലേഖകന്റെ അനുഭവത്തിൽ വിവരാവകാശ നിയമം മറ്റ് തടികളുടെ കൂടെ ഇരിക്കുന്ന ചന്ദനത്തടിയാണ്. അതിന്റെ സൗരഭ്യം അതുപയോഗിക്കുമ്പോഴേ പുറത്തറിയൂ. വീണ്ടും വീണ്ടും ഉപയോഗിക്കുമ്പോൾ സൗരഭ്യം കൂടി കൂടി വരും. അങ്ങനെ ജനായത്ത വ്യവസ്ഥയുടെ മൗലീക സത്തയായി വിവരാവകാശ നിയമം മാറും.

ഈ രാജ്യത്ത് സാമൂഹ്യ നീതി ഉറപ്പാക്കാനും നിലനിർത്താനും അതോടൊപ്പം അധികാര ദുർവിനിയോഗവും അഴിമതിയും നടത്തുന്ന ഭരണാധികാരികളെ തിരുത്തുന്ന ഒരു തിരുത്തൽ ശക്തിയായി സമൂഹത്തെ മാറ്റുവാൻ വിവരാവകാശനിയമത്തിനു കഴിയും. ഭരിക്കപ്പെടുന്നവർക്ക് ഭരിക്കുന്നവരെ ചോദ്യം ചെയ്യുവാനും തിരുത്തിക്കുവാനും അധികാരപ്പെടുത്തുന്ന നിയമമായി വിവരാവകാശ നിയമത്തെ മാറ്റാൻ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ എല്ലാ പൗരന്മാരും തയ്യാറാകേണ്ടിയിരിക്കുന്നു. ആയുധം കിട്ടി, ഇനി പോരാട്ടമാണ്. നീതിക്കുവേണ്ടിയുള്ള പോരാട്ടം.

എന്തിന്നധീരത.................
ഇപ്പോൾ തുടങ്ങണം....................
എല്ലാം നമ്മൾ അറിയേണം.

.....................................................................................